പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1495 03.05.2017 ലെ മറുപടിക്ക്.***

***പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ്***

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. പിണറായി വിജയൻ<br>***(മുഖ്യമന്ത്രി)*** |
| (എ) പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. 16.12.2009 ൽ പ്രവർത്തനമാരംഭിച്ച കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് 15 അംഗ ഡയറക്ടർ ബോർഡാണുള്ളത്. തിരുവനന്തപുരത്ത് മുഖ്യ ഓഫീസും എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസുകളും മലപ്പുറത്തെ കോട്ടയ്ക്കലിൽ ഒരു ലെയ്സൺ ഓഫീസും പ്രവർത്തിച്ചുവരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്കും കുടുംബാംഗങ്ങൾക്കും നിയമാനുസൃതം പെൻഷൻ/കുടുംബ പെൻഷൻ, വിവാഹ/ചികിത്സാ/ മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അംഗസംഖ്യ ഉയർത്തുന്നതിനും പ്രവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തി വരുന്നു. അംഗത്വത്തിനും അംശദായം അടയ്ക്കുന്നതിനും ഓൺ ലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. വിവാഹ ധനസഹായം 5000/- ൽ നിന്നും 10,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അംഗത്വത്തിനുള്ള പ്രായപരിധി 55 വയസ്സിൽ നിന്നും 60 ആക്കി ഉയർത്തിയിട്ടുണ്ട്. നിലവിലെ പെൻഷൻ 500/- രൂപയിൽ നിന്നും 2000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതാണെന്ന് 2017 - 18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ബോർഡ് വഴി നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ പേരിലേയ്ക്ക് അതിന്റെ ഗുണഫലങ്ങൾ എത്തിക്കുന്നതിനും ആവശ്യമായ പുന ക്രമീകരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ; | (ബി) | ക്ഷേമ ബോർഡ് വഴി നടപ്പിലാക്കി വരുന്ന ആനുകൂല്യ പദ്ധതിയായ വിവാഹ ധനസഹായം 5000/- രൂപയിൽ നിന്ന് 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻ 500/- രൂപയിൽ നിന്ന് 2000/- രൂപയായി വർദ്ധിപ്പിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമനിധി അംഗത്വ പ്രായ പരിധി 55 ൽ നിന്നും 60 ആക്കി ഉയർത്തിയതിലൂടെ നിരവധി പ്രവാസികൾ ഈ അവസരം പ്രയോജനകരമാക്കിയിട്ടുണ്ട്. |
| (സി) | പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ കൂടുതൽ പേരെ അംഗങ്ങളാക്കുന്നതിന് ജില്ലാ തലത്തിൽ ഒരു അംഗത്വ വാരാഘോഷം സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | വിവിധ രാജ്യങ്ങളിലെ അംഗീകൃത മലയാളി കൂട്ടായ്മകളെ ഉപയോഗിച്ചു കൊണ്ട് അംഗത്വം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | വിവിധ രാജ്യങ്ങളിലെ അംഗീകൃത മലയാളി കൂട്ടായ്മയുടെ സഹായത്തോടെ ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ പരിഗണനയിലുണ്ട്. |
| (ഇ) | ഓൺലൈൻ അംഗത്വ രജിസ്ട്രേഷൻ ആലോചനയിലുണ്ടോ എന്നറിയിക്കാമോ ? | (ഇ) | 20.12.2016 മുതൽ പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിൽ അംഗത്വ രജിസ്ട്രേഷനും അംശദായ അടവിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.